**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2590** **24-06-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷം കൈത്തറി വ്യവസായ മേഖലയ്ക്കുവേണ്ടി ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കൈത്തറി വ്യവസായ മേഖലയ്ക്കുവേണ്ടി 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 48.03 കോടി രൂപ വകയിരുത്തുകയും 19.3678 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത തീർക്കുവാൻ കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ അനുവദിച്ചു; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കൈത്തറി സഹകരണ സംഘങ്ങളുടെ കട ബാധ്യത തീർക്കുവാൻ 2014-15 ൽ കേന്ദ്ര വിഹിതമായി 1,59,83,39,422/- രൂപ അനുവദിച്ചു. പ്രസ്തുത തുക ചിലവഴിച്ചിട്ടുണ്ട്. 2014-15 കാലയളവിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 1,59,83,39,422/- രൂപ പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അപെക്സ് സംഘങ്ങൾക്കും അനുവദിച്ച നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിനു ശേഷം ഈ പദ്ധതിയ്ക്കായി കേന്ദ്ര സഹായം ലഭ്യമായിട്ടില്ല |
| (സി) | കൈത്തറി തൊഴിലാളി വെൽഫെയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2023-24 സാമ്പത്തിക വർഷത്തെ കൈത്തറി വ്യവസായ മേഖലയ്ക്കായി വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതവും ചെലവും ചുവടെ ചേർക്കുന്നു.

**(തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|---|
| 1 | പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരിപങ്കാളിത്തം | 100.00 | 59.39 |
| 2 | ഹാന്റക്സിലെ സർക്കാർ ഓഹരി പങ്കാളിത്തം | 275.00 | 145.75 |
| | ഹാൻവീവിലെ സർക്കാർ ഓഹരി പങ്കാളിത്തം | 225.00 | 172.25 |
| 3 | നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി | 250.00 | 153.85 |
| 4 | നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണിവായ്പ | 100.00 | 52.5 |
| 5 | കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ / ഹാന്റ്ലൂം ബിസിനസ് ഇൻക്യുബേറ്റർ | 50.00 | 3.73 |
| | യുവ നെയ്ത്ത് പദ്ധതി | 50.00 | 22.90 |
| 6 | നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി | 450.00 | 271.76 |
| 7 | കൈത്തറി ഗ്രാമത്തിന്റെയും സമഗ്രകൈത്തറി ഗ്രാമത്തിന്റെയും സ്ഥാപനം | 1000.00 | 194.19 |

| | | | |
|---|---|---|---|
| 8 | അംശദാന സമ്പാദ്യ പദ്ധതി | 150.00 | 120.80 |
| 9 | കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | 10.00 | 0 |
| 10 | വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി | 200.00 | 121.83 |
| 11 | കൈത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും | 550.00 | 324.78 |
| 12 | പരിശീലനവും  വൈദഗ്ധ്യ ശേഷി വികസന പരിപാടിയും | 290.00 | 226.58 |
| 13 | ദേശീയ കൈത്തറി വികസന പരിപാടി (എൻ.എച്ച്.ഡി.പി) | 253.00 | 61.47 |
| 14 | നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപനം | 800.00 | 0 |
| 15 | കാഞ്ഞിരോട് കൈത്തറി ഗ്രാമം/ ഹാന്റ്ലൂം വില്ലേജ്. | 50.00 | 5.00 |
| | **ആകെ തുക** | 4803.00 | 1936.78 |

സെക്ഷൻ ഓഫീസർ